## രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നത്

**I. ഈ യുഗം പരിണതിപ്രാപിക്കേണ്ടതിന് രാജ്യത്തിന്റെ വിത്തിന്റെ, ജീനിന്റെ (gene), വ്യാപനത്തിനും വികാസത്തിനും വേണ്ടി, ആൾപ്പാർപ്പുള്ള സർവഭൂമിയിലും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കാൻ കുഞ്ഞാട് പോകുന്നിടത്തെല്ലാം നാം അവനെ അനുഗമിക്കേണ്ടതുണ്ട്**

- **ദൈവരാജ്യം ക്രിസ്തുതന്നെയാണ്**
  - തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് വിതയ്ക്കപ്പെടുവാനും അവരുടെ ഉള്ളിൽ ഒരു രാജ്യമായി വികസംപ്രാപിക്കുവാനും ത്രിയേക ദൈവം ജഡാവതാരം ചെയ്തു എന്നതാണ് പുതിയനിയമത്തിലെ മുഴുവൻ ഉപദേശത്തിന്റെയും അന്തഃസ്ഥിത മൂലകം
  - ദൈവരാജ്യത്തിന്റെ പൂർണ വികാസമാണ് ദൈവത്തിന്റെ ലക്ഷ്യം:
    - **സുവിശേഷങ്ങളിൽ**—വിത്തിന്റെ വിതയ്ക്കൽ
    - **പ്രവൃത്തികളിൽ**—വിത്തിന്റെ പ്രചരണവും വ്യാപനവും
    - **ലേഖനങ്ങളിൽ**—വിത്തിന്റെ വളർച്ച
    - **വെളിപ്പാട് പുസ്തകത്തിൽ**—വിത്തിന്റെ കൊയ്ത്ത്
    - **സഹസ്രാബ്ദ രാജ്യത്തിൽ**—വിത്തിന്റെ പൂർണ വികാസം
    - **നിത്യയിൽ**—വിത്തിന്റെ ആത്യന്തികമായ സമ്പൂർണ വികാസം
- **ജഡാവതാരത്തിന്റെ ഘട്ടത്തിൽ കർത്താവ് ആയിരുന്നത്**—തന്റെ ജഡാവതാരത്തിന്റെ ഘട്ടത്തിൽ തന്റെ സ്വർഗീയ രാജ്യം സ്ഥാപിക്കുന്നതിനുള്ള തന്റെ രാജകീയ ശുശ്രൂഷയിൽ, കർത്താവായ യേശു തന്നെത്തന്നെ ഒരു **വൈദ്യനായും ഇടയനായും കൊയ്ത്തിന്റെ കർത്താവായും** കണക്കാക്കി
- **ജഡാവതാരത്തിന്റെ ഘട്ടത്തിലെ അവന്റെ വേലയുടെ മാതൃക**—ദിവ്യ ത്രിത്വത്തിന്റെ കേന്ദ്രമെന്ന നിലയിൽ പുത്രൻ സമ്പൂർണമായും തന്നാലോ തനിക്കുവേണ്ടിയോ തനിക്കായോ ആയിരുന്നില്ല; അവൻ ചെയ്തതെല്ലാം ദൈവത്തിന്റെ ആത്മാവിനാലും പിതാവായ ദൈവത്തിന്റെ രാജ്യത്തിനുവേണ്ടിയും ആയിരുന്നു
  - **ദിവ്യ ഏകോപനത്തോടുകൂടിയ ദിവ്യ ത്രിത്വത്തിന്റെ** ഈ നീക്കം, ദിവ്യ ത്രിത്വത്തിലെ സ്വരചേർച്ചയും സൗന്ദര്യവും ശ്രേഷ്ഠതയും നമുക്ക് കാണിച്ചുതരുന്നു, അവന്റെ ശരീരത്തിലെ അവയവങ്ങൾ എന്ന നിലയിൽ നമ്മുടെ ഏകോപനത്തിനായി തല സ്ഥാപിച്ച ശ്രേഷ്ഠവും മനോഹരവുമായ ഒരു മാതൃകയാണത്
- **ഇന്ന് സഭായുഗത്തിലെ ദൈവത്തിന്റെ നിസ്തുല ഉദ്ദേശം**—ഈ യുഗാവസാനത്തിനുമുമ്പ് എല്ലാ ജാതികൾക്കും ഒരു സാക്ഷ്യത്തിനായി രാജ്യത്തിന്റെ സുവിശേഷം ആൾപ്പാർപ്പുള്ള സർവ ഭൂമിയിലും പ്രസംഗിക്കപ്പെടും; വെളിപ്പാട് 6:1-2-ലെ ഒന്നാം മുദ്രയിലെ വെള്ളക്കുതിര സൂചിപ്പിക്കുന്ന ഈ പ്രസംഗം ഈ യുഗത്തിന്റെ പരിണതിയുടെ അടയാളമായിരിക്കും
  - പുതിയ യെരൂശലേമിൽ പരിണമിക്കുവാൻ ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ സഭ പണിയപ്പെടേണ്ടതിന് **സുവിശേഷം പ്രസംഗിക്കുക** എന്നതാണ്
  - സുവിശേഷം പ്രസംഗിക്കുന്ന **ജയാളികൾ വെള്ളക്കുതിരയുടെ സവാരിക്കാരായിത്തീരുന്നു**

## ജാതികളെ ശിഷ്യരാക്കുന്നത്

**II. ഇന്ന് ഈ ഭൂമിയിലുള്ള സഭയെന്ന തന്റെ രാജ്യം സ്ഥാപിക്കുവാൻ, സകല ജാതികളെയും രാജ്യജനമാക്കിക്കൊണ്ട് അവരെ ശിഷ്യരാക്കുവാൻ സ്വർഗീയ രാജാവ് തന്റെ അധികാരത്തോടെ തന്റെ ശിഷ്യന്മാരെ അയച്ചു**

- ജാതികളെ ശിഷ്യരാക്കുക എന്നത് അവരെ ക്രിസ്തുവിന്റെ മരണത്തിലേക്കും, ക്രിസ്തുവിലേക്കു തന്നെയും, ത്രിയേക ദൈവത്തിലേക്കും, ക്രിസ്തുവിന്റെ ശരീരത്തിലേക്കും സ്നാനപ്പെടുത്തുന്നതാണ്
  - സ്വർഗരാജ്യത്തിനുവേണ്ടി ജനത്തെ അവരുടെ ജീവനിൽനിന്ന് ശരീര ജീവനിലേക്ക് സ്നാനപ്പെടുത്തണം
- ജാതികളെ ശിഷ്യരാക്കുക എന്നതിനർഥം അവർ യേശുവിൽ യാഥാർഥ്യമുള്ളതുപോലെ ക്രിസ്തുവിനെ പഠിക്കേണ്ടതിന് ദിവ്യവും മാർമികവുമായ മണ്ഡലത്തിൽ അവരെ ദിവ്യ സത്യങ്ങൾ പഠിപ്പിക്കുക എന്നതാണ്
  - ഒന്നാമത്തെ ദൈവ-മനുഷ്യനെന്ന നിലയിൽ ക്രിസ്തുവിന്റെ മാതൃകയനുസരിച്ച് നമ്മുടെ സ്വാഭാവിക ജീവനെ ത്യജിക്കുന്നതിനാൽ ദിവ്യ ജീവനെ ജീവിച്ചുകൊണ്ട്, ഒരു സ്വാഭാവിക മനുഷ്യനായിരിക്കുന്നതിൽ നിന്ന് ഒരു ദൈവ-മനുഷ്യനാകുന്നതിന് നാം ശിഷ്യരാക്കപ്പെടുന്നു.
  - ക്രിസ്തുവിന്റെ എല്ലാ ദിവ്യവും മാർമികവുമായ ഉപദേശങ്ങളും അവന്റെ അനാവരണവും പ്രകാശനവും മാത്രമല്ല, അവന്റെ ദിവ്യ ജീവനിലുള്ള നമ്മുടെ വളർച്ചയ്ക്കും പക്വതയ്ക്കും വേണ്ടി നമുക്കായുള്ള അവന്റെ പോഷിപ്പിക്കലുംകൂടിയാണ്